**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4613** **02-07-2024 - ൽ മറുപടിയ്ക്ക്**

**വനംവകുപ്പിലെ അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർമാരുടെ സ്ഥലം മാറ്റങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. വിൻസെന്റ് | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വനംവകുപ്പിലെ അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർമാരുടെ സ്ഥലംമാറ്റത്തിന് ലക്ഷങ്ങൾ കോഴ വാങ്ങിയതായി ഇന്റലിജൻസ് റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ ; | (എ) | ഇന്റലിജൻസ് റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| (ബി) | ഇന്റലിജൻസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്ഥലംമാറ്റ പട്ടിക വെട്ടിച്ചുരുക്കിയിട്ടുണ്ടോ; എത്ര പേരെയാണ് സ്ഥലംമാറ്റ പട്ടികയിൽ നിന്ന് ഒഴിവാക്കിയത്; വിശദമാക്കുമോ; | (ബി) | അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ്/ ഡെപ്യൂട്ടി കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (നോൺ-കേഡർ) തസ്തികകളിൽ 18 പേരുടെ സ്ഥലം മാറ്റത്തിനുള്ള ശിപാർശകളാണ് സർക്കാരിന്റെ പരിശോധനയ്ക്കായി നൽകിയത്. വനം വകുപ്പിലെ അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ്/ ഡെപ്യൂട്ടി കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (നോൺ-കേഡർ) തസ്തികകളുടെ നിയമന അധികാരി സർക്കാരാണ്. ടി തസ്തികകളിലെ നിയമനവും, സ്ഥലം മാറ്റവും നടത്തുന്നതിനുള്ള അധികാരം സർക്കാരിൽ നിക്ഷിപ്തമായതാണ്. അതിനാൽ തന്നെ, ടി തസ്തികകളിലെ സ്ഥലം മാറ്റ ശിപാർശകൾ അതേപടി അംഗീകരിക്കാനുള്ള ബാധ്യത സർക്കാരിനില്ല. ഭരണപരമായ സൗകര്യം മുൻ നിർത്തി ശിപാർശകൾ പരിശോധിച്ച് ഉചിതമായ തീരുമാനം എടുക്കുകയാണ് ചെയ്യുന്നത്. |
| (സി) | കോഴ വാങ്ങിയതായി ഇന്റലിജൻസ് റിപ്പോർട്ടിൽ പരാമർശം ഉള്ള രാഷ്ട്രീയ പാർട്ടിയുടെ നേതാവിനെതിരെ നിയമനടപടി സ്വീകരിക്കുന്നതിന് വകുപ്പ് എന്തൊക്കെ നടപടികൾ നാളിതുവരെ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (സി) | ഉത്തരം 'എ' യുടെ വെളിച്ചത്തിൽ ബാധകമല്ല |

സെക്ഷൻ ഓഫീസർ